ഭിന്നശേഷി ഉപകരണകേന്ദ്രം തുടങ്ങും: മന്ത്രി ശൈലജ

തിരുവനന്തപുരം: ഭിന്നശേഷിക്കാർക്കാവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്ന കേന്ദ്രം തുടങ്ങുമെന്ന് മന്ത്രി കെ.കെ. ശൈലജ പറഞ്ഞു. മരണപ്പെട്ട ഭിന്നശേഷിക്കാരുടെ സ്വയം തൊഴിൽ വായ്പ കുടിശിക എഴുതിത്തള്ളി ജാമ്യ രേഖകൾ തിരികെ നൽകുന്ന ആശ്വാസ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. വായ്പാ കുടിശിക എഴുതിത്തള്ളുന്നതിനായി 1.834 കോടി രൂപയാണ് കേരള സർക്കാർ അനുവദിച്ചത്. 31 പേരുടെ കടം എഴുതിത്തള്ളിയിട്ടുണ്ട്. കുടിശിക വരുത്തിയ 212 ഗുണഭോക്താക്കളുടെ പിഴപ്പലിശ പൂർണമായും ഒഴിവാക്കി പലിശ തുകയിൽ 75 ശതമാനം ഇളവ് വരുത്തി ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണെന്നും മന്ത്രി പറഞ്ഞു.

ലൈഫ് മിഷൻ: 4000 കോടി രൂപ വായ്പയെടുക്കാൻ അനുമതി

തിരുവനന്തപുരം: ലൈഫ് മിഷന്റെ ഭാഗമായി നടപ്പാക്കുന്ന സമ്പൂർണ ഭവന പദ്ധതിക്കായി ഹഡ്കോയിൽ നിന്ന് 4000 കോടി രൂപ വായ്പയെടുക്കാൻ മന്ത്രിസഭാ യോഗം അനുമതി നൽകി. കേരള അർബൻ ആൻഡ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപറേഷൻ (കെ.യു.ആർ.ഡി.എഫ്.സി) മുഖേനയാണ് വായ്പയെടുക്കുക.

അടുത്ത അഞ്ച് വർഷത്തിനകം സംസ്ഥാനത്തെ എല്ലാ ഭൂരഹിതർക്കും ഭൂരഹിത ഭവന രഹിതർക്കും പാർപ്പിട സൗകര്യമൊരുക്കുകയാണ് ലൈഫ് പദ്ധതിയുടെ ലക്ഷ്യം. നിർമാണം പൂർത്തീകരിക്കാതെ കിടന്ന 57,368 വീടുകൾ പൂർത്തീകരിക്കാനാണ് ആദ്യവർഷം സർക്കാർ ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 32,995 (58 ശതമാനം) വീടുകളാണ് ഇതുവരെ പൂർത്തീകരിച്ചത്. 24,373 വീടുകളുടെ നിർമാണം പുരോഗമിക്കുകയാണ്. ഈ വർഷം ഗ്രാമീണ മേഖലയിൽ 1.73 ലക്ഷം വീടുകളും നഗര മേഖലയിൽ 83,000 വീടുകളുമാണ് ലക്ഷ്യമിട്ടുള്ളത്. ഭൂമിയുള്ള ഭവനരഹിതരെയാണ് ഇതിന്റെ ഗുണഭോക്താക്കളായി തിരഞ്ഞെടുത്തിട്ടുള്ളത്. അന്തിമ പട്ടിക തയ്യാറാക്കി വരുന്നതേയുള്ളൂ. ഇതിന്റെ നിർമ്മാണത്തിനുള്ള തുകയാണ് സർക്കാർ കണ്ടെത്തേണ്ടത്.

തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 20 ശതമാനം ലൈഫ് മിഷന് വേണ്ടി നീക്കിവയ്ക്കും. ഇത് 90 കോടിയോളം വരും. നഗരപ്രദേശങ്ങളിലെ ഭവന നിർമാണത്തിനായി കേന്ദ്രസർക്കാരിന്റെ പി.എ.എ.വൈ പദ്ധതി പ്രകാരം 1.5 ലക്ഷം രൂപവീതം ലഭിക്കും. ബാക്കി 2.5 ലക്ഷം വീതം സംസ്ഥാനം കണ്ടെത്തണം. സംസ്ഥാന സർക്കാരിന്റെ വിവിധ ഭവനനിർമാണ പദ്ധതികളിൽ നിന്നായി 2000 കോടിയും ലൈഫ് മിഷന് വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബാക്കിവരുന്ന തുകയ്ക്കായാണ് ഹഡ്കോയിൽ നിന്ന് വായ്പയെടുക്കുന്നത്. ഹഡ്കോയുമായി ഇതിനുള്ള ചർച്ചകൾ പൂർത്തിയാക്കിയിരുന്നു. ഇതേത്തുടർന്നാണ് വായ്പയ്ക്ക് മന്ത്രിസഭയുടെ അനുമതി തേടിയിരുന്നത്. അതേസമയം, ഭൂരഹിതർക്കുള്ള ഫ്ലാറ്റ് നിർമാണത്തിന് കരാർ നല്കുന്നതിനെച്ചൊല്ലി ഐ.എ.എസുകാർ തമ്മിലുള്ള അഭിപ്രായ ഭിന്നത ലൈഫ് മിഷൻ പ്രവർത്തനത്തെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. പെരിന്തൽമണ്ണയിലെ ഫ്ലാറ്റ് നിർമാണത്തിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കരാർ നല്കാനുള്ള ചീഫ് സെക്രട്ടറിയുടെ തീരുമാനത്തെ തദ്ദേശഭരണ (നഗരകാര്യ) സെക്രട്ടറിയായ ബി. അശോക് എതിർത്തിരുന്നു. ഇതേത്തുടർന്ന് കഴിഞ്ഞയാഴ്ച അശോകിനെ വകുപ്പിൽനിന്ന് മാറ്റിയിരുന്നു. ലൈഫ് മിഷൻ സി.ഇ.ഒ അദീല അബ്ദുള്ളയും അവധിയിലാണ്.

കേന്ദ്ര നികുതി വിഹിതം കൂട്ടണം

■ ധനകാര്യ കമ്മിഷനുള്ള ശുപാർശകൾ മന്ത്രിസഭ അംഗീകരിച്ചു

തിരുവനന്തപുരം: സംസ്ഥാനങ്ങൾക്ക് വിഭജിച്ചു നൽകുന്ന കേന്ദ്ര നികുതി വിഹിതം 42 ശതമാനത്തിൽ നിന്ന് 50 ശതമാനമായി ഉയർത്തണമെന്ന് കേന്ദ്ര ധനകാര്യ കമ്മിഷനോട് കേരളം ആവശ്യപ്പെടും. റവന്യൂ കമ്മി നികത്തുന്നതിന് ഗ്രാൻഡ് നൽകുന്നതിനുള്ള വ്യവസ്ഥ തുടരണമെന്നതാണ് മറ്റൊരാവശ്യം. ഇതുൾപ്പെടെ പതിനഞ്ചാം ധനകാര്യ കമ്മിഷന് സമർപ്പിക്കുന്ന നിവേദനത്തിലെ നിർദ്ദേശങ്ങളും ശുപാർശകളും മന്ത്രിസഭായോഗം അംഗീകരിച്ചു.

നികുതി വിഭജനം 2011 ലെ സെൻസസ് അടിസ്ഥാനമാക്കി നടത്തണമെന്ന നിർദ്ദേശം കേരളത്തിന് ദോഷകരമായതിനാൽ 1971 ലെ സെൻസസ് പ്രകാരം നടത്തണം. 14-ാം ധനകാര്യ കമ്മിഷൻ കേരളത്തിന് ശുപാർശ ചെയ്ത നികുതി വിഹിതത്തിൽ കുറവ് വരുത്തരുത്. ധനക്കമ്മി ജി.എസ്.ഡി.പിയുടെ 1.7 ശതമാനമായി നിജപ്പെടുത്താനുള്ള ശുപാർശ കേരളത്തിന് ദോഷം ചെയ്യും. നിലവിലുള്ള നിയമത്തിൽ മാറ്റം വരുത്തരുത്. തീരസംരക്ഷണം, റബർ കർഷകർക്ക് ആശ്വാസം, വനസംരക്ഷണം, തിരിച്ചുവരുന്ന പ്രവാസികളുടെ ക്ഷേമ പദ്ധതികൾ, നൈപുണ്യ വികസനം എന്നിവയ്ക്ക് പ്രത്യേക ഗ്രാൻഡ് നൽകണമെന്നും ആവശ്യപ്പെടും.

ആർദ്രം പദ്ധതിക്ക് 17 തസ്തികകൾ

ആർദ്രം പദ്ധതിക്കായി 17 പുതിയ തസ്തികകളും, പാലക്കാട് ഗവ. മെഡിക്കൽ കോളേജിൽ 24 തസ്തികകളും സൃഷ്ടിക്കും. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പൊലീസ് വകുപ്പിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ആദിവാസി ഉദ്യോഗാർത്ഥികൾക്ക് ബോണ്ട് തുകയും ജാമ്യവ്യവസ്ഥയും ഒഴിവാക്കും. നിലവിൽ ഇവർ 25,000 രൂപയുടെ ബോണ്ടും രണ്ട് സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യവും നൽകേണ്ടതുണ്ട്.

ആശ്രിതർക്ക് 10 ലക്ഷം വീതം

മാൻഹോളും സെപ്ടിക് ടാങ്കും വൃത്തിയാക്കുന്നതിനിടെ മരിച്ച പട്ടികജാതിയിൽപ്പെട്ട അഞ്ച് പേരുടെ കുടുംബാംഗങ്ങൾക്ക് പത്ത് ലക്ഷം രൂപ വീതം അനുവദിക്കും. പൂക്കാട്ടുപറമ്പിൽ സുബ്രഹ്മണ്യൻ, കളപ്പറമ്പ് കെ.കെ. വേണ (എറണാകുളം), നടക്കുമ്പുറത്ത് പി.വി. രാധ (ചേന്നമംഗലം), കങ്ങരപ്പടി പല്ലങ്ങാട്ടുമുകൾ അശോകൻ, തെക്കേത്തുറാവ് ദേശം ഷൺമുഖൻ (തൃശ്ശൂർ) എന്നിവരുടെ ആശ്രിതർക്കാണ് ധനസഹായം.

മാൾ ഒഫ് ട്രാവൻകൂറിന്റെ ട്രാവൻകൂർ റാഫിളിന്റെ ഒന്നാമത്തെ വീക്കിലി ഡ്രോയുടെ ഒന്നാം സമ്മാനമായ ഹ്യുണ്ടായി ഇയോൺ കാറും രണ്ടാം സമ്മാനമായ ഹോണ്ട ആക്ടീവ സ്കൂട്ടറും റിട്ട. അഡിഷണൽ ചീഫ് സെക്രട്ടറി ടി. ബാലകൃഷ്ണൻ വിനീതിന് നൽകുന്നു. മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി. അഹമ്മദ് സമീപം

ട്രാവൻകൂർ റാഫിൾ - വീക്കിലി ഡ്രോ സമ്മാന വിതരണം

തിരുവനന്തപുരം : മാൾ ഒഫ് ട്രാവൻകൂറിന്റെ ട്രാവൻകൂർ റാഫിളിന്റെ രണ്ടാമത്തെ വീക്കിലി ഡ്രോ ഇന്ന് മാളിൽ നടന്നു. ഒന്നാം സമ്മാനമായ ഹ്യുണ്ടായി ഇയോൺ കാർ കിഷോറും, രണ്ടാം സമ്മാനമായ ഹോണ്ട ആക്ടീവ സ്കൂട്ടർ ശ്രീഹരിയും, മൂന്നാം സമ്മാനമായ 1 പവൻ സ്വർണം ബത്തിനി ഇസ്മയിലും കരസ്ഥമാക്കി. അനവധി പേർക്ക് ഗിഫ്റ്റ് കൂപ്പണുകളും ലഭിച്ചു.

മുഖ്യാതിഥി റിട്ട. അഡിഷണൽ ചീഫ് സെക്രട്ടറി ടി. ബാലകൃഷ്ണൻ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ആദ്യ വീക്കിലി ഡ്രോയുടെ വിജയിയായ വിനീതിന് ഹ്യുണ്ടായി ഇയോൺ കാറിന്റെ താക്കോൽ സമ്മാനിച്ചു. വിനീതിന് കല്യാൺ സിൽക്സിൽ നിന്നും ലഭിച്ച കൂപ്പണിനാണ് സമ്മാനം ലഭിച്ചത്. ഹോണ്ട ആക്ടീവയുടെ താക്കോൽ ഇസ്മയിലിന് നൽകി. മലബാർ ഗോൾഡ് ഷോറൂമിൽ നിന്ന് ലഭിച്ച കൂപ്പണിനാണ് അദ്ദേഹത്തിന് സമ്മാനം ലഭിച്ചത്. ഡെയ്‌ലി ഡ്രോയിലെ ഒന്നാം സമ്മാനമായ 2 ഗ്രാം സ്വർണ നാണയങ്ങൾ 7 പേർക്ക് സമ്മാനിച്ചു.

ചടങ്ങിൽ മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി. അഹമ്മദ്, മലബാർ കോർപറേറ്റ് ഹെഡ് കെ.പി. നാരായണൻ, മാൾ ഒഫ് ട്രാവൻകൂർ ജനറൽ മാനേജർ കിഷോർ കുട്ടി, ലീസിംഗ് ഹെഡ് കെ. എസ്. മേനോൻ എന്നിവർ സന്നിഹിതരായിരുന്നു.

ഏപ്രിൽ 30ന് മാൾ ഒഫ് ട്രാവൻകൂറിൽ ആരംഭിച്ച മെഗാ റാഫിൾ 2018 ഒക്ടോബർ 14 വരെ നീണ്ടുനിൽക്കും. 168 ഡെയ്‌ലി ഡ്രോയും 24 വീക്കിലി ഡ്രോയും ഒരു മെഗാ ഡ്രോയും മാൾ സംഘടിപ്പിക്കും. 6 കോടിയിലേറെ രൂപയുടെ സമ്മാനങ്ങൾ 12,000 ത്തിൽപ്പരം ഭാഗ്യശാലികൾക്കാണ് ലഭിക്കുക. ബമ്പർ സമ്മാനം മലബാർ ഡെവലപ്പേഴ്സിന്റെ ഓർക്കിഡ് പാർക്ക് 3 ബി.എച്ച്.കെ അപ്പാർട്ട്മെന്റാണ്. രണ്ടാം സമ്മാനം മെഴ്സിഡസ് സി ക്ലാസ് ബെൻസ് കാറും മൂന്നാം സമ്മാനം അല്യുർഡ യമണ്ട് നെക്‌ലെസുമാണ്.

കൂടാതെ മൂന്ന് റോയൽ എൻഫീൽഡ് ബുള്ളറ്റ് ബൈക്കുകളും ഒട്ടനവധി ഗിഫ്റ്റ് വൗച്ചറുകളും പ്രോത്സാഹന സമ്മാനമായി നൽകുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പിന് സ്വന്തം പ്രസിദ്ധീകരണം

തിരുവനന്തപുരം: 'എൻജിനിയർ' എന്ന പേരിൽ ജൂലായ് ആദ്യം പൊതുമരാമത്ത് വകുപ്പ് പ്രസിദ്ധീകരണം ഇറക്കും. 1974 മുതൽ 1994 വരെ വകുപ്പ് 'റിബ്' എന്ന പേരിൽ ത്രൈമാസിക പ്രസിദ്ധീകരിച്ചിരുന്നു. റോഡ്, ഇറിഗേഷൻ, ബ്രിഡ്ജസ് എന്നതിന്റെ ചുരുക്കരൂപമാണ് 'റിബ്'. അതിന്റെ ചുവടുപിടിച്ചാണ് പുതിയ പ്രസിദ്ധീകരണം. പത്രാധിപ സമിതിയുടെ പൂർണ നിയന്ത്രണം മന്ത്രി ജി. സുധാകരന്റെ ഓഫീസിൽ നിന്നാവും. സാഹിത്യ താത്പര്യമുള്ളവർക്കും ഇതിൽ ഇടമുണ്ടാകും. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവു പകരാൻ സഹായിക്കുന്ന ബൗദ്ധികവും വിജ്ഞാനപ്രദവുമായ പ്രസിദ്ധീകരണമായിരിക്കും എൻജിനിയർ എന്നും കുറച്ചു പേജുകൾ ഇംഗ്ലീഷിലായിരിക്കുമെന്നും മന്ത്രി ജി. സുധാകരൻ പറഞ്ഞു.

പി.നിർമ്മല അനിതാ രവീന്ദ്രൻ

കേരള എൻ.ജി.ഒ സംഘ് വനിതാ വിഭാഗം ഭാരവാഹികൾ

തിരുവനന്തപുരം: കേരള എൻ.ജി.ഒ സംഘ് വനിതാ വിഭാഗം സംസ്ഥാന ഭാരവാഹികളായി പി.നിർമ്മല (പ്രസിഡന്റ്), കെ.കെ.രാധ , രമാ ജ്യോതികുമാർ(വൈസ് പ്രസിഡന്റ്) ,അനിതാ രവീന്ദ്രൻ (ജനറൽ സെക്രട്ടറി) , അശ്വതി. എസ്, ദേവി ശ്രീകുമാർ (സെക്രട്ടറിമാർ) മഞ്ജുള സുനിൽ ട്രഷറർ എന്നിവരെ തിരഞ്ഞെടുത്തു .

സി.ഒ.ഇ ട്രേഡ്ടെസ്റ്റ് ഫലം

തിരുവനന്തപുരം: മാർച്ചിൽ നടന്ന സി.ഒ.ഇ ട്രേഡ്ടെസ്റ്റിന്റെ ഫലം പ്രസിദ്ധീകരിച്ചു. ഐ.ടി.ഐകളിൽ നിന്നും www.det.kerala.gov.in ലും ഫലം ലഭിക്കും.

നോൺ ജേർണലിസ്റ്റ് പെൻഷണേഴ്സ് യൂണിയൻ മുഖ്യമന്ത്രിയെ അഭിനന്ദിച്ചു

തിരുവനന്തപുരം : പത്രപ്രവർത്തകേതര പെൻഷൻകാരുടെ പ്രശ്നങ്ങൾക്ക് ന്യായമായ പരിഹാരം കണ്ടെത്തിയ മുഖ്യമന്ത്രിയെ നോൺ ജേർണലിസ്റ്റ് പെൻഷണേഴ്സ് യൂണിയൻ അഭിനന്ദിച്ചു. പെൻഷൻ പദ്ധതി ആരംഭിച്ച 2000 ന് മുമ്പ് റിട്ടയർ ചെയ്തവർക്ക് 2000 രൂപ വച്ച് നൽകും . പ്രതിമാസ വിഹിതം അടയ്ക്കാൻ മുടക്കം വന്നവർക്ക് പിഴപലിശയോടെ ഒരുമാസ സമയത്തിനുള്ളിൽ അടയ്ക്കാം. ആശ്രിതപെൻഷൻ വിതരണത്തിലെ അപാകതകൾ മാറ്റി ധനകാര്യവകുപ്പിന് അയയ്ക്കാനും അഞ്ചുവർഷത്തിലേറെയായി കാത്തിരിക്കുന്നവരിൽ അർഹതപ്പെട്ടവർക്ക് ആശ്രിതപെൻഷൻ നൽകാനും കമ്മിറ്റി തീരുമാനിച്ചു. പുതുതായി നാനൂറ് പേർക്ക് പെൻഷൻ നൽകും. പെൻഷൻ പദ്ധതി മെച്ചപ്പെട്ട നടത്താനുള്ള നിർദ്ദേശങ്ങൾ സംഘടനാ നേതാക്കൾ മുന്നോട്ടുവച്ചു.

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പത്രപ്രവർത്തകേതര പെൻഷൻ കമ്മിറ്റി യോഗത്തിൽ യൂണിയനുകളെ പ്രതിനിധീകരിച്ച് സി. മോഹനൻ, ഗോപൻ നമ്പാട്ട്, ജയ്സൺ മാത്യു(കെ.എൻ.ഇ.എഫ്, വി. ബാലഗോപാൽ (എൻ.ജെ.പി.യു) എന്നിവർ പങ്കെടുത്തു.

സർക്കാരുദ്യോഗസ്ഥരെ ആക്രമിച്ചാൽ 3 വർഷം വരെ തടവ്

■ പാർട്ടി ഓഫീസുകൾക്ക് നാശം വരുത്തിയാൽ തടവ് 5 വർഷം വരെ

തിരുവനന്തപുരം: സർക്കാർ ഉദ്യോഗസ്ഥർക്കും കുടുംബാംഗങ്ങൾക്കും എതിരായ ആക്രമണങ്ങൾക്കും, രാഷ്ട്രീയ പാർട്ടികൾ, രജിസ്റ്റർ ചെയ്ത സാമൂഹ്യസംഘടനകൾ എന്നിവയുടെ ഓഫീസുകൾക്കും മറ്റ് വസ്തുവകകൾക്കും നാശം വരുത്തുന്നതിനുമുള്ള ശിക്ഷ കൂട്ടതൽ കർക്കശമാക്കും. ഇതിന് ഇന്ത്യൻ ശിക്ഷാ നിയമത്തിലും ക്രിമിനൽ നടപടിച്ചട്ടത്തിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള കരട് ബിൽ മന്ത്രിസഭായോഗം അംഗീകരിച്ചു.

സർക്കാർ ഉദ്യോഗസ്ഥർക്കും അവരുടെ കുടുംബാംഗങ്ങൾക്കും എതിരെ വൈരാഗ്യപൂർവം ആക്രമണം നടത്തിയെന്ന് തെളിഞ്ഞാൽ മൂന്ന് വർഷം വരെ തടവ്. മാരകമായ പരിക്കുകൾ ഏല്പിച്ചതായി തെളിഞ്ഞാൽ പത്ത് വർഷം വരെയും, വസ്തുവകകൾക്ക് നാശനഷ്ടമുണ്ടാക്കിയാൽ അഞ്ച് വർഷം വരെയും തടവ് ശിക്ഷ ലഭിക്കും.

രാഷ്ട്രീയ പാർട്ടികളുടെയും സന്നദ്ധസംഘടനകളുടെയും വസ്തുവകകൾ നശിപ്പിച്ചാൽ അഞ്ച് വർഷം വരെ തടവ് ശിക്ഷ ലഭിക്കും. എല്ലാ കേസുകളിലും പിഴ ഈടാക്കാനും കരട് ബില്ലിൽ വ്യവസ്ഥയുണ്ട്.

വിളംബരം

മാർ ഇവാനിയോസിൽ ഗസ്റ്റ് അദ്ധ്യാപക ഒഴിവുകൾ

തിരുവനന്തപുരം: മാർ ഇവാനിയോസ് കോളേജിൽ ഇംഗ്ലീഷ്, മലയാളം, ബയോ കെമിസ്ട്രി, സുവോളജി, എക്കണോമിക്സ്, ഹിസ്റ്ററി, മാത്തമാറ്റിക്സ്, കെമിസ്ട്രി, ഫിസിക്സ്, ജേർണലിസം, സ്റ്റാറ്റിസ്റ്റിക്സ് വിഷയങ്ങളിൽ ഗസ്റ്റ് അദ്ധ്യാപകരെ ആവശ്യമുണ്ട്. കൊല്ലം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഗസ്റ്റ് പാനലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ സർട്ടിഫിക്കറ്റുകൾ സഹിതം 29 ന രാവിലെ 9 ന് കോളേജ് ഓഫീസിൽ എത്തണം.

വനിതാ വോളിബാൾ ടീം റിക്രൂട്ട്മെന്റ് ഇന്നും നാളെയും

തിരുവനന്തപുരം: കേരളപൊലീസ് വനിതാ വോളിബാൾ ടീമിൽ നിലവിലുള്ള മൂന്ന് ഒഴിവുകൾ നികത്തുന്നതിന് 2018 ജനവരി 22 ന് പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ലഭിച്ച അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി റിക്രൂട്ട്മെന്റിനായുള്ള സെലക്ഷൻ ട്രയൽസിൽ പങ്കെടുക്കുന്നതിന് യോഗ്യരായ 70 അപേക്ഷകരെ സ്ക്രീനിംഗ് കമ്മിറ്റി തിരഞ്ഞെടുത്തിട്ടുണ്ട്. പട്ടിക www.keralapolice.gov.in ൽ. യോഗ്യരായ അപേക്ഷകരുടെ അസൽ സർട്ടിഫിക്കറ്റുകളുടെ പരിശോധന, ശാരീരിക യോഗ്യത, സെലക്ഷൻ ട്രയൽസ് എന്നിവ ഇന്നും നാളെയുമായി തിരുവനന്തപുരം പേരൂർക്കട എസ്.എ.പി ക്യാമ്പിൽ നടത്തും. തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകർക്ക് കാൾലെറ്റർ രജിസ്റ്റേർഡ് തപാൽ മുഖേനയും എസ്.എം.എസ് മുഖേനയും വ്യക്തിഗത അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് പൊലീസ് ആസ്ഥാനത്തെ എൽ. സെക്ഷനുമായി ബന്ധപ്പെടണം. ഫോൺ: 0471 2721547.

അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: സംവരണേതര സമുദായാംഗങ്ങൾ ഉൾപ്പെട്ട സ്വയം സഹായ/കൂട്ടുത്തരവാദിത്വ സംരംഭകത്വ സംഘങ്ങളിൽ നിന്ന് സംരംഭ- സമുന്നതി സ്വയംതൊഴിൽ സംരംഭ വായ്പകൾക്കുള്ള പലിശസഹായ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷാഫാറത്തിനും വിശദ വിവരങ്ങൾക്കും www.kswcfc.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

കേരള സർവകലാശാല ബിരുദ പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഒന്നാം വർഷ ബിരുദ പ്രവേശനം 2018-19 ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്/ സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും, യു.ഐ.ടി, ഐ.എച്ച്.ആർ.ഡി കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും ബിരുദ പ്രവേശനം ഏകജാലക സംവിധാനത്തിലൂടെ നടത്തും. എല്ലാ കോളേജുകളിലേയും മെരിറ്റ് സീറ്റുകളിലേക്കും എസ്.സി/ എസ്.ടി/ എസ്.ഇ.ബി.സി സംവരണ സീറ്റുകളിലേക്കും ഏകജാലകസംവിധാനം വഴി തന്നെയായിരിക്കും അലോട്ട്മെന്റ്. സർവകലാശാലയുടെ കീഴിൽ ബിരുദ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കണം.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി, ഭിന്നശേഷിയുള്ളവർ, തമിഴ് ഭാഷ ന്യൂനപക്ഷ വിഭാഗങ്ങൾ, ലക്ഷദ്വീപ് നിവാസികൾ, സ്പോർട്സ് ക്വോട്ട എന്നിവയിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാവരും ഏകജാലക സംവിധാനത്തിലൂടെ അപേക്ഷ സമർപ്പിച്ചിരിക്കണം. രജിസ്ട്രേഷൻ സമയത്ത് നൽകുന്ന മൊബൈൽ ഫോൺ നമ്പറുകൾ പ്രവേശന നടപടികൾ അവസാനിക്കുന്നത് വരെ മാറ്റരുത്.

അപേക്ഷയിലെ തെറ്റു തിരുത്താൻ

ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുമ്പോഴുണ്ടാകുന്ന തെറ്റുകൾ രജിസ്ട്രേഷൻ കാലയളവിൽ വിദ്യാർത്ഥികൾക്ക് അവരവരുടെ ആപ്ലിക്കേഷൻ നമ്പറും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് പരിഹരിക്കാം. രജിസ്ട്രേഷൻ പൂർത്തികരിച്ച ശേഷം അതിന്റെ പ്രിന്റൗട്ട് സൂക്ഷിക്കണം.

പ്രത്യേക ശ്രദ്ധയ്ക്ക്

ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ വഴിയോ വെബ്സൈറ്റിൽ നിന്ന് ലഭിക്കുന്ന പ്രത്യേക ചെലാൻ ഉപയോഗിച്ച് എസ്.ബി.ഐ വഴിയോ മാത്രം അടയ്ക്കണം. ഡി.ഡി, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല.

എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ 8281883052, 8281883053 എന്നീ ഹെൽപ്പ്ലൈൻ നമ്പരുകളിൽ ബന്ധപ്പെടാം. ഓൺലൈൻ രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി, ഓരോ അലോട്ട്മെന്റുകളുടേയും തീയതി എന്നിവ സി.ബി.എസ്.ഇ തുടങ്ങി മറ്റ് ബോർഡുകളുടെ പ്ലസ്ടു പരീക്ഷാഫലം പ്രസിദ്ധീകരിച്ച ശേഷം വിജ്ഞാപനം ചെയ്യും. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാല ആസ്ഥാനത്തേക്ക് അയയ്ക്കേണ്ടതില്ല. അത് പ്രവേശന സമയത്ത് അതത് കോളേജുകളിൽ ഹാജരാക്കിയാൽ മതിയാകും.

കേരള ഹയർ സെക്കൻഡറി/ വൊക്കേഷണൽ ഹയർ സെക്കൻഡറി 2018 വർഷത്തെ പരീക്ഷ പാസായ വിദ്യാർത്ഥികൾ അവരുടെ പേരും രജിസ്റ്റർ നമ്പരും ഓൺലൈൻ അപേക്ഷയിൽ ടൈപ്പ് ചെയ്യുമ്പോൾ തന്നെ അവർക്ക് വിവിധ വിഷയങ്ങൾക്ക് ലഭിച്ച മാർക്കുകൾ സ്വമേധയാ തന്നെ രേഖപ്പെടുത്തപ്പെടും. അത്തരത്തിൽ രേഖപ്പെടുത്തപ്പെട്ട മാർക്കുകൾ തിരുത്തുവാൻ വിദ്യാർത്ഥികൾക്ക് സാധിക്കുകയില്ല. പുനർമൂല്യനിർണയം വഴിയോ മറ്റോ മാർക്കുകൾക്ക് മാറ്റം വന്നാൽ സർവകലാശാലയുടെ അറിവോടെ മാത്രമേ തിരുത്തുകൾ വരുത്തുവാൻ സാധിക്കുകയുള്ളൂ.

കൂടുതൽ വിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിലെ Press Releases എന്ന ലിങ്ക് സന്ദർശിക്കുക.

പി.എസ്.സി

www.keralapsc.gov.in

പരീക്ഷാ കേന്ദ്രത്തിൽ മാറ്റം

കാറ്റഗറി നമ്പർ 653/2017 പ്രകാരം പൊലീസ് വകുപ്പിൽ വുമൺ സിവിൽ പൊലീസ് ഓഫീസർ (വനിത പൊലീസ് കോൺസ്റ്റബിൾ), കാറ്റഗറി നമ്പർ 657/2017 പ്രകാരം പൊലീസ് വകുപ്പിൽ സിവിൽ പൊലീസ് ഓഫീസർ തസ്തികകളിലേക്ക് 26 ന് ഉച്ചയ്ക്ക് 1.30 മുതൽ 3.15 വരെ നടത്തുന്ന ഒ.എം. ആർ പരീക്ഷയ്ക്ക് തിരഞ്ഞെടുത്തിരുന്ന സാരാഭായ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സയൻസ് ആൻഡ് ടെക്നോളജി, വെള്ളനാട് പി.ഒ., തിരുനന്തപുരം -695543 സെന്റർ നമ്പർ 1 ൽ ഉൾപ്പെടുത്തിയിരുന്ന ഉദ്യോഗാർത്ഥികളെയും (രജിസ്റ്റർ നമ്പർ 579741 മുതൽ 580040 വരെ), സെന്റർ നമ്പർ 2 ഉൾപ്പെടുത്തിയിരുന്ന ഉദ്യോഗാർത്ഥികളെയും (രജിസ്റ്റർ നമ്പർ 580041 മുതൽ 580240 വരെ) എസ്.എൻ.എച്ച്.എസ്.എസ് ഉഴമലക്കൽ (എച്ച്.എസ്.-സെക്ഷൻ) പുതുകുളങ്ങര പി.ഒ., തിരുവനന്തപുരം-695543 പരീക്ഷാകേന്ദ്രത്തിലേക്ക് മാറ്റിയിരിക്കുന്നു. ഉദ്യോഗാർത്ഥികൾ സാരാഭായ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സയൻസ് ആൻഡ് ടെക്നോളജി, വെള്ളനാട് പി.ഒ., തിരുനന്തപുരം-695543 എന്ന് രേഖപ്പെടുത്തിയ ഹാൾടിക്കറ്റുമായി മാറ്റം വന്ന പരീക്ഷാ കേന്ദ്രത്തിൽ ഹാജരാകണം.

ഒ.എം.ആർ പരീക്ഷ

കാറ്റഗറി നമ്പർ 59/2017-62/2017 പ്രകാരം വിവിധ വകുപ്പുകളിൽ ആയ, കാറ്റഗറി നമ്പർ 398/2017 പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് (പട്ടികജാതി/ പട്ടികവർഗക്കാരിൽ നിന്നുള്ള പ്രത്യേക നിയമനം), കാറ്റഗറി നമ്പർ 416/2017 പ്രകാരം കെ.എസ്.എഫ്.ഡി.സി ലിമിറ്റഡിൽ ഗാർഡ്, കാറ്റഗറി നമ്പർ 494/2017 പ്രകാരം ജയിൽ വകുപ്പിൽ വാർഡർ അറ്റൻഡന്റ് (എൻ.സി.എ.), കാറ്റഗറി നമ്പർ 616/2017 പ്രകാരം കെ.എസ്.ഡി.സി. പ്യൂൺ/വാച്ച്മാൻ (എൻ.സി.എ.), കാറ്റഗറി നമ്പർ 647/2017 മുതൽ 649/2017 പ്രകാരം തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ പ്യൂൺ /വാച്ച്മാൻ (എൻ.സി.എ.) തസ്തികകൾക്ക് 19 ന് ഉച്ചയ്ക്ക് 1.30 മുതൽ 3.15 വരെ നടക്കുന്ന ഒ.എം.ആർ. പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റുകൾ ഒ.ടി.ആർ പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.

ഒറ്റത്തവണ വെരിഫിക്കേഷൻ

കാറ്റഗറി നമ്പർ 71/2017 പ്രകാരം കോട്ടയം ജില്ലയിൽ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് തസ്തികയുടെ ഒറ്റത്തവണ വെരിഫിക്കേഷൻ 17 മുതൽ 30 വരെ കോട്ടയം ജില്ലാ പി.എസ്.സി ഓഫീസിൽ വച്ചും, കാറ്റഗറി നമ്പർ 71/2017 പ്രകാരം കണ്ണൂർ ജില്ലയിൽ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് തസ്തികയുടെ ഒറ്റത്തവണ വെരിഫിക്കേഷൻ ജൂൺ 2 വരെ കണ്ണൂർ ജില്ലാ പി.എസ്.സി. ഓഫീസിൽ വച്ചും നടത്തും.

പരീക്ഷാവിജ്ഞാപനം

2018 ജൂലായിൽ നടത്തുന്ന വകുപ്പുതല പരീക്ഷാ വിജ്ഞാപനം 10.05.2018 ലെ സർക്കാർ അസാധാരണ ഗസറ്റിൽ 1251 നമ്പരായി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു.

സർവകലാശാല വാർത്തകൾ

കേരള
www.keralauniversity.ac.in

പി.ജി പ്രവേശനപരീക്ഷ

വിവിധ ഡിപ്പാർട്ടുമെന്റുകളിലെ പി.ജി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനപരീക്ഷ മേയ് 20 മുതൽ 25 വരെ തിരുവനന്തപുരം, എറണാകുളം കേന്ദ്രങ്ങളിൽ നടത്തും. ഹാൾടിക്കറ്റും ടൈംടേബിളും വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഡൗൺലോഡ് ചെയ്യാം.

ബി.എസ്‌സി ഫലം

രണ്ട്, നാല് സെമസ്റ്റർ ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ് പരീക്ഷകളുടെ (2013 മുൻപുള്ള സ്കീം) ഫലം വെബ്സൈറ്റിൽ.

സൂക്ഷ്മപരിശോധന

ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.ബി.എ /ബി.എസ്‌സി ഇലക്ട്രോണിക്സ് ഡിഗ്രി പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ 18 മുതൽ 25 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഹാൾടിക്കറ്റ്/ഐ.ഡി കാർഡുമായി പുനർമൂല്യനിർണയ വിഭാഗമായ EJ III-ൽ എത്തിച്ചേരണം.

എം.ഫിൽ ഫലം

എം. ഫിൽ ഇസ്ലാമിക് ഹിസ്റ്ററി സപ്ലിമെന്ററി (2015-16 ബാച്ച് - തിരുവനന്തപുരം, യൂണിവേഴ്സിറ്റി കോളേജ്) പരീക്ഷാഫലം വെബ്സൈറ്റിൽ. ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ്, ബി.സി.എ പ്രാക്ടിക്കൽ, പ്രോജക്ട്, വൈവ വോസി പരീക്ഷ

വിദൂരവിദ്യാഭ്യാസ വിഭാഗം ഏപ്രിലിൽ നടത്തിയ അവസാന വർഷ ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ്/ ബി.സി.എ സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്ട് & വൈവ വോസി പരീക്ഷകൾ മേയ് 23, 24 തീയതികളിൽ പാളയം എസ്.ഡി.ഇ സെന്ററിൽ വച്ച് നടത്തും.

എൽ എൽ.എം ഫലം

ഒന്നാം സെമസ്റ്റർ എൽ എൽ. എം പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ 30 വരെ സ്വീകരിക്കും.

പൂർവ വിദ്യാർത്ഥി സംഗമം

സർവകലാശാലയുടെ ജന്തുശാസ്ത്ര പഠനവകുപ്പിലെ പൂർവ വിദ്യാർത്ഥി- അധ്യാപക സംഗമം 22-ന് 10 മണിക്ക് കാര്യവട്ടം ബോട്ടണി ഹാളിൽ നടത്തും. വിവരങ്ങൾക്ക്: 8089055234.

പരീക്ഷ മാറ്റി

മേയ് 18-ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം. ടെക് കമ്പ്യൂട്ടർ സയൻസ് & എൻജിനീയറിംഗ് (2013 സ്കീം - സപ്ലിമെന്ററി) പരീക്ഷയുടെ 'RCC 2002 - Advanced Computer Networks' എന്ന പരീക്ഷ മാറ്റി വച്ചു.

പരീക്ഷ

ജൂൺ ആറിന് ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ മെഡിക്കൽ

എം.ജി
www.mgu.ac.in

പരീക്ഷാ തീയതി

നാലാം സെമസ്റ്റർ എം.എ./എം.എസ്.സി./എം. കോം/എം. സി.ജെ./ എം.എസ്.ഡബ്ല്യു/ എം.ടി.എ. (സി.എസ്.എസ്., 2016 അഡ്മിഷൻ റഗുലർ/2013, 2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി/ മേഴ്സി ചാൻസ്) പരീക്ഷകൾ 24ന് ആരംഭിക്കും.

പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ് (സി.ബി.സി.എസ്.എസ്., 2013, 2014 & 2015 അഡ്മിഷൻ) (പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് മാത്രം) പരീക്ഷയുടെ പ്രാക്ടിക്കൽ 22ന് നടത്തും.

പരീക്ഷാഫലം

ആറാം സെമസ്റ്റർ ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.എഫ്.ടി., ബി.ടി.എസ്., ബി.പി.ഇ., ബി.എസ്. ഡബ്ല്യൂ.(സി.ബി.സി.എസ്.എസ്.മോഡൽ 3, 2015 അഡ്മിഷൻ റഗുലർ, 2013 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 31 വരെ അപേക്ഷിക്കാം.

സിവിൽ സർവീസ് പരീക്ഷാ പരിശീലനം

ഡിപ്പാർട്ട്മെന്റ് ഒഫ് ലൈഫ്‌ലോംഗ് ലേണിംഗിൽ യു.പി.എസ്.സി സിവിൽ സർവീസ് പ്രാഥമിക പരീക്ഷാ പരിശീലനത്തിന് ഈപേസംവിധാനത്തിലൂടെ 200 രൂപ അടച്ച് 18 വരെ ബിരുദവിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ശനി, ഞായർ, മറ്റൊഴിവ് ദിവസങ്ങളിലായാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. റിട്ട. ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്കബാണ് ഓണററി ഡയറക്ടർ. ജൂൺ 2ന് നടത്തുന്ന അഭിരുചി എഴുത്തുപരീക്ഷയിലെ മികവിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം. വിശദമായ വിജ്ഞാപനവും അപേക്ഷഫോമും www.mgu.ac.in, www.dllemgu.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 2731560, 2731724. ഇമെയിൽ: mgulifelong@gmail.com

കാലിക്കറ്റ്
www.universityofcalicut.info

പരീക്ഷാ കേന്ദ്രങ്ങളിൽ മാറ്റം

22-ന് ആരംഭിക്കുന്ന വിദൂരവിദ്യാഭ്യാസ നാലാം സെമസ്റ്റർ (സി.യു.സി.ബി.സി.എസ്.എസ്) റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് കോഴിക്കോട്, നല്ലളം പി.കെ. ആർട്സ് ആൻഡ് സയൻസ് കോളേജ് കേന്ദ്രമായി ഹാൾടിക്കറ്റ് ലഭിച്ച ബി.എസ്.സി മാത്തമാറ്റിക്സ് വിദ്യാർത്ഥികൾ പന്തീരാങ്കാവ് പി.വി.എസ് ആർട്സ് ആൻഡ് സയൻസ് കോളേജിലും, ബി.എം.എം.സി വിദ്യാർത്ഥികൾ എരഞ്ഞിപ്പാലം സെന്റ് സേവിയേഴ്സ് ആർട്സ് ആൻഡ് സയൻസ് കോളേജിലും പരീക്ഷയ്ക്ക് ഹാജരാകണം. മഞ്ചേരി, കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ പരീക്ഷാ കേന്ദ്രമായി ലഭിച്ച സോഷ്യോളജി സപ്ലിമെന്ററി വിദ്യാർത്ഥികൾ മഞ്ചേരി എൻ.എസ്.എസ് കോളേജിലും, കൊട്ടവായൂർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ പരീക്ഷാകേന്ദ്രമായി ലഭിച്ച chapahi 064 മുതൽ chapahi 206 വരെയും chaqahi 001 മുതൽ chapahi 045 വരെയും രജിസ്റ്റർ നമ്പറുള്ളവർ ചിറ്റൂർ ഗവൺമെന്റ് കോളേജിലും പരീക്ഷയ്ക്ക് ഹാജരാകണം. പുതുക്കിയ ഹാൾടിക്കറ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

എം.എ ഹിന്ദി പുനഃപരീക്ഷ

ഹിന്ദി പഠനവകുപ്പിലെ ഫെബ്രുവരി 21-ലെ റദ്ദാക്കിയ ഒന്നാം സെമസ്റ്റർ എം.എ ഹിന്ദി(സി.സി.എസ്.എസ്) എച്ച്.ഐ.എൻ1 സി03 ജനറൽ ലിംഗ്വിസ്റ്റിക്സ് പുനഃപരീക്ഷ ജൂൺ ഏഴിന് ഉച്ചയ്ക്ക് 1.30-ന് നടക്കും.

പട്ടിക വർഗ വിദ്യാർത്ഥികൾക്കായി ബി.എ സോഷ്യോളജി

വയനാട് ചെതലയത്തെ ട്രൈബൽ സ്റ്റഡീസ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ബി.എ സോഷ്യോളജി റസിഡൻഷ്യൽ കോഴ്സിന് പ്ലസ്ടു പാസായ പട്ടിക വർഗ വിദ്യാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോം ചെതലയത്തെ ഓഫീസിൽ നിന്നും സർവകലാശാലാ വെബ്സൈറ്റിൽ നിന്നു ലഭിക്കും. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം ഡയറക്ടർ, ഐ.ടി.എസ്.ആർ, ചെതലയം പി.ഒ, സുൽത്താൻ ബത്തേരി, വയനാട്, 673 592 എന്ന വിലാസത്തിൽ ജൂൺ എട്ടിനകം ലഭിക്കണം. വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. ഫോൺ: 9447637542, 9605884635, 04936 238500.

ബി.ടെക് സപ്ലിമെന്ററി

21 -ന് ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ബി.ടെക് (2004 സ്കീം) സപ്ലിമെന്ററി പരീക്ഷയ്ക്ക് താഴെ കൊടുത്ത ജില്ലകളിലെ കോളേജുകൾ കേന്ദ്രമായി അപേക്ഷിച്ചവർ ബ്രാക്കറ്റിൽ കാണുന്ന കേന്ദ്രത്തിൽ പരീക്ഷയ്ക്ക് ഹാജരാകണം. പ്രാക്ടിക്കൽ പരീക്ഷക്ക് അപേക്ഷിച്ചവർ രജിസ്റ്റർ ചെയ്ത കേന്ദ്രത്തിൽ പരീക്ഷയ്ക്ക് ഹാജരാകണം. പാലക്കാട് ജില്ല (പാലക്കാട് എൻ.എസ്.എസ് എൻജിനിയറിംഗ് കോളേജ്), തൃശ്ശൂർ ജില്ല (തൃശ്ശൂർ ഗവൺമെന്റ് എൻജിനിയറിംഗ് കോളേജ്), മലപ്പുറം ജില്ല (കോഹിനൂർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് എൻജിനിയറിംഗ് ആൻഡ് ടെക്നോളജി), കോഴിക്കോട് ജില്ല (കോഴിക്കോട് ഗവൺമെന്റ് എൻജിനിയറിംഗ് കോളേജ്).

ഗ്രേസ് മാർക്കിന് അപേക്ഷിക്കാം

മാർച്ചിലെ അവസാന സെമസ്റ്റർ ബി.കോം/ബി.ബി.എ/ബി.ടി.എച്ച്.എം/ ബി.എച്ച്.എ (സി.യു.സി.ബി.സി.എസ്.എസ്)/ബി.കോം ഓണേഴ്സ് വിദ്യാർത്ഥികളിൽ എൻ.സി.സി, കല/കായിക/മറ്റ് ഇതര ഇനങ്ങളിൽ ഗ്രേസ് മാർക്കിന് അർഹതയുള്ളവർ മാർക്കുകൾ ചേർക്കുന്നതിന് അപേക്ഷ ബന്ധപ്പെട്ട എല്ലാ സർട്ടിഫിക്കറ്റുകളും സഹിതം ബി.കോം വിഭാഗത്തിൽ 18-നകം സമർപ്പിക്കണം. ഫോം വെബ്സൈറ്റിൽ.

എം.സി.എ പുനർമൂല്യനിർണയ ഫലം

അഞ്ചാം സെമസ്റ്റർ എം.സി.എ ഡിസംബർ 2017 പരീക്ഷയുടെ പുനർമൂല്യനിർണയ ഫലം വെബ്സൈറ്റിൽ. ഉത്തരക്കടലാസ് തിരിച്ചറിയാനാഗ്രഹിക്കുന്നവർ 15 ദിവസത്തിനകം പരീക്ഷാഭവനുമായി ബന്ധപ്പെടണം.

കണ്ണൂർ
www.kannuruniversity.ac.in

പ്രോജക്ട് മൂല്യനിർണയം

ആറാം സെമസ്റ്റർ ബി.എസ്‌സി സ്റ്റാറ്റിസ്റ്റിക്സ് (സി.ബി.സി.എസ്.എസ്-റഗുലർ മേയ് 2018) പ്രോജക്ട് മൂല്യനിർണയം/വാചാ പരീക്ഷ 19 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

പ്രായോഗിക പരീക്ഷ

ആറാം സെമസ്റ്റർ ബി.എസ്‌സി ഏവിയേഷൻ ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (സി.ബി.സി.എസ്.എസ്- റഗുലർ മേയ് 2018) പ്രായോഗിക പരീക്ഷ തളിപ്പറമ്പ് എം.എം. നോളജ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ 18 ന് നടക്കും.